അണക്കെട്ടുകൾ കെട്ടിപ്പൊക്കാൻ
പണക്കെട്ടുകൾ വാങ്ങുന്നവരെ

നിങ്ങളുകെട്ടും കെട്ടുകളെല്ലാം
പൊട്ടിപോകും കട്ടായം

**കഴിഞ്ഞ 30 വർഷത്തിലധികമായി ചാലക്കുടി പുഴയോടൊപ്പം സംരക്ഷണ പ്രവർത്തനങ്ങളിലുള്ള ഉണ്ണികൃഷ്ണൻ പുഴയുടെ വർത്തമാനവും ഭാവിയും സംസാരിക്കുന്നു.**

# ചാലക്കുടി പുഴ ഒഴുകട്ടെ

എസ്. ഉണ്ണികൃഷ്ണൻ

സംഭാഷണത്തിൽനിന്ന് തയ്യാറാക്കിയത് : റോബിൻ

**കേരളത്തിൽ** വൈദ്യുത കമ്മിയില്ല. നിലവിൽ ഉടനെ ഊർജ്ജക്ഷാമവുമില്ല. ഉത്പാദനം തൃപ്തികരമാണ്. പുതിയ സാങ്കേതികവിദ്യകൾ ഊർജ്ജക്ഷമതയ്ക്കുവേണ്ടി ധാരാളമുണ്ട്. ഉദാഹരണമായി സി.എഫ്. എൽ., എൽ.ഇ.ഡി. വിളക്കുകൾ നമുക്ക് ഇപ്പോൾത്തന്നെ കേന്ദ്രത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ആവശ്യത്തിന് വൈദ്യുതി ലഭ്യമാണ്. ദക്ഷിണേന്ത്യയിൽനിന്നുള്ള വിഭവം നാമിപ്പോൾ വേണ്ടത്ര ഉപയോഗിക്കുന്നതേയില്ല. കേരളത്തിലെ പല നിലയങ്ങളും കായംകുളം തെർമ്മൽ പവർ, ബ്രഹ്മപുരം, നല്ലളം ഡീസൽ നിലയങ്ങൾ പ്രവർത്തിക്കുന്നില്ല. ബംഗാളിൽ നിന്നുപോലും (തൽച്ചാർ) നമുക്ക് വൈദ്യുതി കൊണ്ടുവരാം. വൈദ്യുതിക്ഷാമം ഉണ്ടെങ്കിൽത്തന്നെ യഥാർത്ഥത്തിൽ അതൊരു വലിയ പ്രശ്നമല്ല. എന്നാൽ ഭക്ഷ്യകമ്മി വലിയൊരു പ്രശ്നമാകേണ്ടതാണ്. കേരളം എൺപത് തൊണ്ണൂറ് ശതമാനത്തോളം അരിയും പച്ചക്കറികളും അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുകയാണെന്നത് മറക്കരുത്. ഇതൊട്ടും ആശാസ്യവുമല്ല. പ്ലാനിംഗ് ബോർഡിന്റെ വിദഗ്ധ ഉപദേശക സമിതി അംഗം ജി. എൻ. പിള്ള ഐ.എ.എസ്. (ഡയറക്ടർ ജനറൽ, വൈസ്, മുൻ ഡയറക്ടർ ജനറൽ മഹാരാഷ്ട്ര റിന്യൂവൽ എനർജി ബോർഡ്) ചൂണ്ടിക്കാട്ടിയതുപോലെ കേരളത്തിൽ 800 മെഗാവാട്ടിന്റെ കാറ്റാടി വൈദ്യുതി (വിന്റ് എനർജി) കുറെ വർഷങ്ങളായി സാദ്ധ്യമാണ്. ഇതിന് കേന്ദ്ര സബ്സിഡിയുണ്ട്, ആവർത്തന ചിലവില്ല. ഇടുക്കി ജില്ലയിലെ രാമക്കൽ മേടിലും മറ്റും ഇപ്പോഴും ഇത്രയും വലിയ സാധ്യതകൾ ഉണ്ടായിട്ടും നമ്മൾ ശേഷി മുഴുവനും ഉപയോഗിക്കുന്നില്ല. പാരമ്പര്യേതര ഊർജ്ജശ്രോതസുകളിൽ താൽപര്യമെടുക്കുന്നില്ല. കേരളത്തിലെ മാലിന്യപ്രശ്നം പരിഹരിക്കപ്പെടാൻ പറ്റുന്ന രീതിയിൽ നഗരമാലിന്യവും ഒരു ഊർജ്ജസ്രോതസ്സായി ഉപയോഗിക്കാവുന്നതേയുള്ളൂ. ഊർജ്ജകാര്യത്തിൽ സാധ്യതകൾ വിലയിരുത്തപ്പെട്ടിട്ടില്ല. വിദഗ്ധരായ ഭരണാധികാരികൾ പോലും ഇക്കാര്യത്തിൽ ദീർഘവീക്ഷണം കാണിച്ചിട്ടില്ല. നമുക്കൊരു ആസൂത്രണവുമില്ല, യാഥാർത്ഥ്യബോധവുമില്ല. ഇപ്പോൾ കെ. എസ്.ഇ.ബി. പറയുന്ന ഡിമാന്റ് പ്രൊജക്ഷൻ കണക്കില്ല ഉള്ളത് പെരുപ്പിച്ചതും ശരിയല്ലാത്തതുമാണ്. പലപ്പോഴും പദ്ധതി രൂപകല്പന വസ്തുനിഷ്ടമല്ല. പൊതുപ്പണം ചിലവഴിച്ചതുകൊണ്ട് കഴിഞ്ഞ 30 വർഷമായി കെ.എസ്.ഇ.ബി. ചിലവഴിച്ച തുകയെത്ര? സത്യസന്ധമായൊരു പഠനം സുതാര്യവും സാമൂഹികവുമായ ഒരു കണക്കെടുപ്പ് അടിയന്തരമാണ്. കേരളത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് ഒരു ഊർജ്ജനയം വേണം. കഴിഞ്ഞ 50 വർഷത്തെ തിരിഞ്ഞ് നോക്കുമ്പോൾ ഇതൊരു പരാജയമാണ്. വെള്ളത്തിന്റെ ലഭ്യത പെരുപ്പിച്ച് കാണിച്ചും സാമ്പത്തികമോ, സാമൂഹികമോ, പാരിസ്ഥിതികമോ സാദ്ധ്യമല്ലാത്ത പദ്ധതികൾക്ക് പണം മുടക്കിയും (പാത്രക്കടവ്, ചെങ്കുളം, പന്നിയാർ, എസ്.എൻ.സി. ലാവ്‌ലിൻ അഴിമതി) കെ.എസ്.ഇ.ബി. അഴിഞ്ഞാടുകയാണ്.

അതിരപ്പിള്ളി പദ്ധതിയെ സംബന്ധിച്ചാണെങ്കിൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സാങ്കേതിക, സാമ്പത്തിക അനുമതി ലഭിച്ചത് 385 കോടി രൂപ ചിലവ് വരുമെന്ന് പറഞ്ഞാണ്. മഴക്കാലത്തുമാത്രം പ്രവർത്തിക്കാൻ വിഭാവനം ചെയ്യുന്ന ഈ നിലയം പൊതുപണം ധൂർത്തടിക്കാനാണ് സാദ്ധ്യത. ഇതിന്റെ ടെണ്ടർ 600 കോടി രൂപ വരാം. പണി കഴിയുമ്പോൾ 1000 കോടി കവിയാനാണ് സാദ്ധ്യത. അങ്ങനെ വൈദ്യുതി യൂണിറ്റിന് 6 രൂപ മുതൽ 8 രൂപ വരെ വരും. ആവശ്യത്തിന് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമില്ലാത്ത ഈ പുഴയിൽ പെരുപ്പിച്ച് കാണിച്ച ജലലഭ്യതയുടെ കണക്കുമായി കെ.എസ്.ഇ.ബി. മുന്നേറുമ്പോൾ ധൂർത്തടിക്കുന്നത് പൊതുപ്പണം മാത്രമല്ല. നശിക്കുന്ന കാടും ജൈവവൈവിധ്യവും കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസികളും ക്ഷതം സംഭവിക്കുന്ന അതിരപ്പിള്ളി വെള്ളച്ചാട്ടവും ടൂറിസവും നശിക്കുന്ന ജലസേചന പദ്ധതികളും നശിക്കുന്ന കൃഷിയുമൊക്കെയാണ്. കെ.എസ്.ഇ.ബി. പറയുന്നതുപോലെ പതിനാറ് മെഗാവാട്ടിന്റെ 2 യൂണിറ്റുകൾ ഉള്ള ഈ പദ്ധതിയിൽ കിട്ടുന്ന വൈദ്യുതിയാണ് ലക്ഷ്യമെങ്കിൽ പെരിങ്ങൽകുത്തിൽ അധികമായി ഒരു ജനറേറ്റർ കൂടി സ്ഥാപിച്ചാൽ മതിയല്ലോ?

ഏത് വൈദ്യുതി പദ്ധതി വന്നാലും ശരിയായ സാമൂഹിക സാമ്പത്തിക പഠനം നടന്നിട്ടില്ല. ചാലക്കുടി പുഴ

നമ്മുടെ പുഴയെ ഇല്ലാതാക്കും
നമ്മുടെ കാടിനെ ഇല്ലാതാക്കും
നമ്മുടെ കൃഷിയെ ഇല്ലാതാക്കും
നമ്മുടെ നാടിനെ ഇല്ലാതാക്കും
നമ്മുടെ മഴയെ ഇല്ലാതാക്കും
അതിരപ്പിള്ളി പദ്ധതി വേണ്ടേവേണ്ട.
വേണം വേണം പുഴ വേണം
ജീവിക്കാനായ് പുഴ വേണം.

(ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെ സമരമുദ്രാവാക്യം)

യിലെ ഇപ്പോഴുള്ള ആറ് അണക്കെട്ടുകൾ നാം മറക്കരുത്. ഈ പുഴയിലെ ആദ്യത്തെ ജലസേചന പദ്ധതിയായ തുമ്പൂർമുഴി 1956-ൽ തുടങ്ങിയത് ജലസേചനത്തിലൂടെ കൃഷി വികസനത്തിനായിരുന്നു. കെ.എസ്.ഇ.ബി.യും വൈദ്യുതിമന്ത്രിയും പറയുന്നതുപോലെ വെള്ളച്ചാട്ടം നിലനിർത്തി വൈദ്യുതി ഉണ്ടാക്കണമെങ്കിൽ അന്തരിച്ച മാന്ത്രികൻ പ്രൊഫ. വാഴക്കുന്നം ഇന്ന് ജീവിച്ചിരിപ്പില്ല. ആനത്താരയുടെ നാശം, ശുദ്ധജല മത്സ്യങ്ങളുടെ അപൂർവ്വവൈവിദ്ധ്യത്തിനുള്ള അപകടം, ഇന്ത്യയിൽത്തന്നെ ഇത്രയും ഉയരത്തിലും ദീർഘവുമായ പുഴയോരക്കാടുകളുടെ നാശം, നാലുതരം വേഴാമ്പലുകൾ ഉൾപ്പെടെയുള്ള പക്ഷികളുടെ സമൃദ്ധിക്ക് സംഭവിക്കുന്ന പ്രശ്നങ്ങൾ, ആനകളുടെയും കടുവകളുടെയും മേഖലയ്ക്കുണ്ടാകുന്ന കോട്ടം തുടങ്ങി സസ്യജന്തു ജീവജാലങ്ങളുടെ സ്വച്ഛതയ്ക്കും വികാസത്തിനുമുണ്ടാകുന്ന നാശങ്ങൾക്കൊന്നും പദ്ധതികാര്യത്തിൽ ഇനിയും പരിഗണന കിട്ടിയിട്ടില്ല.

കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ സാമൂഹിക പ്രസ്ഥാനങ്ങളാകുന്നില്ല. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും അടിസ്ഥാന ജീവിതപ്രശ്നങ്ങളിൽ നിന്നും അവർ ഒളിച്ചോടുകയും പാർട്ടിക്കാർ ഉയർത്തുന്ന അവരുണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതായി നടിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇത് കോർപ്പറേറ്റുകളുടെ മാനേജ്മെന്റ് തന്ത്രം മാത്രമാണ്. വലിയ കമ്പനികളിലെ മാനേജർമാരെ പോലെ രാഷ്ട്രീയ പാർട്ടികൾ മാറിക്കഴിഞ്ഞു. കേരളത്തിലെ അടിസ്ഥാന വിഭവങ്ങളെപ്പറ്റി ധാരണയില്ലാതെ, കേരള മനസ്സിനെ മാറ്റി അന്യത സൃഷ്ടിച്ച് പുതിയൊരു ശൂന്യതയുണ്ടാക്കുന്നു. അങ്ങനെ പ്രതികരണശേഷി ഇല്ലാതെയാക്കുന്നു.

**ഭാവി**

ചാലക്കുടി പുഴയുടെ ഭാവി ഞാൻ പ്രതീക്ഷയോടെയാണ് കാണുന്നത്. കഴിഞ്ഞ 30 വർഷത്തിലധികമായി ഈ പുഴയെ കാണുന്ന എനിക്ക് ഒഴുകുന്ന പുഴ, പരമാവധി കഴിഞ്ഞ് ബാക്കിയത് പുറംതള്ളുമല്ലോ? ഇതൊരു പ്രകൃതി നിയമം മാത്രമല്ലേ?

**സമരം**

ജനകീയ സമരങ്ങളും കോടതികളിലെ കേസുമായി ഇപ്പോഴത്തെ വെല്ലുവിളിയെ നേരിടും. പാർട്ടികൾക്കപ്പുറം പോയി വ്യക്തികളിൽ വലിയൊരു ഊർജ്ജമുണ്ടാകുന്നുണ്ട്. കേരള സമൂഹം അതിരപ്പിള്ളി, പുഴയൊഴുകാൻ ഗൗരവമായി ചിന്തിക്കുമെന്നും ഒപ്പമുണ്ടാകുമെന്നും ആശിക്കുന്നു.

*കാർത്തിക, ഒല്ലൂർ, തൃശൂർ*


## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

1 ആയുർവ്വേദത്തിന്റെ ആരോഗ്യം?
ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
1 സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
1 മഴ - അറിവ്, അനുഭവം
ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
1 കുടുംബം, ലൈംഗികത
ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ

## ഡോക്യുമെന്ററി സിനിമകൾ

ജനകീയ സമരങ്ങളുടെ, സാമൂഹ്യ പ്രശ്നങ്ങളുടെ, ബദൽ അന്വേഷണങ്ങളുടേയും ഡോക്യുമെന്ററി സിനിമകൾ. പ്ലാച്ചിമട, അതിരപ്പിള്ളി, ജലം, ചാലിയാർ........
വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം
കൊക്കാലെ, തൃശൂർ 21.
ഫോൺ : 9388872845, 9447674375

books x magazines x periodicals
ByWORD BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
for rare and new books

With best compliments from
CENTRE FOR POST GRADUATE STUDIES
P.G.Centre
North Bus Stand, Thrissur-20.
Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com